ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 22.12.2024** **പ്രധാന വാർത്തകൾ** **TIME : 07.25 AM**

1) **ലോക നന്മ എന്ന കാഴ്ചപ്പാടോടെ ഇന്ത്യ മുന്നേറുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി; കുവൈത്ത് അമീറുമായി പ്രധാനമന്ത്രി ഇന്ന് ചർച്ച നടത്തും.**

   **Prime Minister Narendra Modi states that India is moving forward with the perspective of global well-being; Prime Minister will hold discussions with the Amir of Kuwait today.**

2) **സമ്പുഷ്ടീകരിച്ച അരിയുടെ ജി എസ് ടി നിരക്ക് അഞ്ച് ശതമാനമായി കുറക്കാൻ കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻറെ അധ്യക്ഷതയിൽ ചേർന്ന ജി എസ് ടി കൗൺസിൽ യോഗത്തിൽ തീരുമാനം.**

   **GST Council chaired by Union Finance Minister Nirmala Sitharaman announces rate cut on fortified rice kernels to 5 per cent.**

3) **ബയോ-ബിറ്റുമെൻ ഉപയോഗിച്ച് നിർമ്മിച്ച രാജ്യത്തെ ആദ്യ പരിസ്ഥിതി സൗഹൃദ ദേശീയ പാത, കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി നാഗ്പൂരിൽ ഉദ്ഘാടനം ചെയ്തു.**

   **The country's first environmentally friendly national highway, constructed using bio-bitumen, was inaugurated by Union Minister Nitin Gadkari in Nagpur.**

4) **കേന്ദ്രമന്ത്രി മനോഹർ ലാൽ മുഖ്യമന്ത്രി പിണറായി വിജയനുമായി ഇന്ന് തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തും; ഊർജ്ജ, നഗരകാര്യ പദ്ധതികൾ അവലോകനം ചെയ്യും.**

   **Union Minister Manohar Lal will meet Chief Minister Pinarayi Vijayan in Thiruvananthapuram today; will review energy and urban development projects.**

5) **അണ്ടർ 19 വനിതാ ട്വൻറി- 20 ഏഷ്യാ കപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ - ബംഗ്ലാദേശ് മത്സരം**

**പുരോഗമിക്കുന്നു: ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - മൊഹമദൻ എസ് സി പോരാട്ടം..**

**India-Bangladesh match progressing in the Under-19 Women's Twenty20 Asia Cup final; and in ISL football, Kerala Blasters to face Mohun Bagan SC today.**

.

******************************************************

# HEADLINE – 1

## PM- KUWAIT (INTRO)

ലോക നന്മ എന്ന കാഴ്ചപ്പാടോടെയാണ് ഇന്ത്യ മുന്നേറുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ആഗോള വികസനത്തിൻ്റെ കേന്ദ്രമായും ലോകത്തിൻ്റെ വളർച്ചാ എഞ്ചിനായും ഇന്ത്യ മാറുമെന്നും പ്രധാനമന്ത്രി പറഞ്ഞു. കുവൈറ്റിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കുവൈറ്റിൻ്റെ വികസനത്തിന് ഇന്ത്യൻ സമൂഹം ഗണ്യമായ സംഭാവനകൾ നൽകിയതായി ചൂണ്ടിക്കാട്ടിയ പ്രധാനമന്ത്രി, ഇന്ത്യൻ സമൂഹത്തിന്റെ ക്ഷേമത്തിന് നൽകുന്ന കരുതലിന് കുവൈറ്റ് നേതൃത്വത്തിന് നന്ദി അറിയിച്ചു. ഇന്ത്യയുടെ നൈപുണ്യശേഷിയും നൂതനാശയങ്ങളും ഇരുരാജ്യങ്ങളും തമ്മിലുള്ള പുതിയ പങ്കാളിത്തം വളർത്തിയെടുക്കുമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

**(വോയിസ്.......)**

രണ്ട് ദിവസത്തെ നയതന്ത്ര സന്ദർശനത്തിനായി ഇന്നലെ കുവൈറ്റിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി 26-ാമത് അറേബ്യൻ ഗൾഫ് കപ്പിൻ്റെ ഉദ്ഘാടന ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു. ഇന്ന് പ്രധാനമന്ത്രിയ്ക്ക് കുവൈറ്റ് ഭരണകൂടം ബയാൻ കൊട്ടാരത്തിൽ ആചാരപരമായ ഗാർഡ് ഓഫ് ഓണർ നൽകും . തുടർന്ന് കുവൈറ്റ് അമീറുമായും കിരീടാവകാശിയുമായും ഉന്നതതല യോഗങ്ങളും കുവൈറ്റ് പ്രധാനമന്ത്രിയുമായുള്ള പ്രതിനിധി തല ചർച്ചകളും നടക്കും.

******************************************************

## HEADLINE – 3

### GADKARI-BIO BITUMEN HIGHWAY

ബയോ-ബിറ്റുമെൻ ഉപയോഗിച്ച് നിർമ്മിച്ച രാജ്യത്തെ ആദ്യ പരിസ്ഥിതി സൗഹൃദ ദേശീയ പാത, കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി ഉദ്ഘാടനം ചെയ്തു. നിർമ്മാണ ചെലവ് കുറയ്ക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഇത് സഹായകമാകുമെന്ന് അദ്ദേഹം പറഞ്ഞു. നാഗ്പൂർ ജില്ലയിലെ ദേശീയ പാത 44 ൻ്റെ നാഗ്പൂർ-മൻസാർ ബൈപാസിൻറെ ഭാഗമാണ് വിളകളുടെ അവശിഷ്ടമായ ലിഗ്നിൻ പ്രയോജനപ്പെടുത്തി നിർമിച്ചത്. കാർഷിക മാലിന്യങ്ങളിൽ നിന്നും മുളയിൽ നിന്നും ബയോ-സിഎൻജി ഇന്ധനം ഉത്പാദിപ്പിക്കാൻ ശ്രീ ഗഡ്കരി കർഷകരോട് ആഹ്വാനം ചെയ്തു.

****************************************************

### PRADHAN-AWARDS

വിവിധ കോഴ്സുകളുടെ വിദ്യാഭ്യാസ പാഠ്യപദ്ധതി പ്രാദേശിക ഭാഷകളിൽ ലഭ്യമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ. കാർഷിക സമ്പദ്‌വ്യവസ്ഥയാണ് ഇപ്പോഴും രാജ്യത്തിൻ്റെ ജിഡിപിയിൽ ഏറ്റവും വലിയ സംഭാവന നൽകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

****************************************************

## HEADLINE – 2

### NIRMALA SITARAMAN (INTRO)

സമ്പുഷ്ടീകരിച്ച അരിയുടെ ജി എസ് ടി നിരക്ക് അഞ്ച് ശതമാനമായി കുറക്കാൻ കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻറെ അധ്യക്ഷതയിൽ ഇന്നലെ ചേർന്ന ജി എസ് ടി കൗൺസിൽ യോഗത്തിൽ തീരുമാനം. ജീൻ തെറാപ്പിയെ ജി എസ് ടി യിൽ നിന്നും ഒഴിവാക്കിയതായും യോഗത്തിന് ശേഷം നടത്തിയ വാർത്താ സമ്മേളനത്തിൽ കേന്ദ്രധനമന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയ്സ്......)**

ആരോഗ്യ മേഖലയിലെ ജിഎസ്ടി നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ കാലതാമസമുണ്ടാകുമെന്നും ശ്രീമതി സീതാരാമൻ പറഞ്ഞു. ഭക്ഷ്യ വിതരണ പ്ലാറ്റ്ഫോമുകൾക്കുള്ള ജിഎസ്ടി സംബന്ധിച്ചും തീരുമാനമായില്ല. പ്രീ പാക്കേജ്ഡ് ഇനങ്ങളുടെയും ലേബൽ പതിച്ച ഇനങ്ങളുടെയും നിർവചനം ഭേദഗതി ചെയ്യാനും തീരുമാനിച്ചു. വ്യോമയാന ഇന്ധനത്തെ ജിഎസ്ടി പരിധിയിൽ ഉൾപ്പെടുത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ലെന്നും കേന്ദ്ര ധനമന്ത്രി പറഞ്ഞു.

****************************************************

## VAISHNAW-RAILWAY AWARD

കാശ്മീരിനെ, കന്യാകുമാരിയുമായി ബന്ധിപ്പിക്കുന്ന റെയിൽ പദ്ധതി പൂർത്തീകരണത്തോട് അടുക്കുകയാണെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് . ഇന്നലെ ന്യൂഡൽഹിയിൽ 69-ാമത് അതിവിശിഷ്ട റെയിൽ സേവാ പുരസ്കാരങ്ങൾ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. നവീകരിച്ച പാമ്പൻ പാലം ഉടൻ ഉദ്ഘാടനം ചെയ്യുമെന്നും ശ്രീ വൈഷ്ണവ് വ്യക്തമാക്കി. ഇന്ത്യൻ റെയിൽവേയ്ക്ക് നൽകിയ സംഭാവനകൾക്ക് 101 ജീവനക്കാർക്കും ഓഫീസർമാർക്കുമാണ് ഈ വർഷത്തെ റെയിൽ സേവാ പുരസ്കാരങ്ങൾ സമ്മാനിച്ചത്.

****************************************************

## FOREST COVER

രാജ്യത്തിൻറെ വന മേഖലയിൽ വർധന ഉണ്ടായതായി റിപ്പോർട്ട്. ഇന്ത്യ ഫോറെസ്റ്റ് റിപ്പോർട്ട് 2023, കേന്ദ്ര പരിസ്ഥിതി, വനം മന്ത്രി ഭൂപേന്ദർ യാദവ്,ഡെറാഡൂണിലെ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രകാശനം ചെയ്തു. ഏറ്റവും പുതിയ കണക്ക് പ്രകാരം രാജ്യത്തിൻറെ മൊത്തം വനവിസ്തൃതി 8 ലക്ഷത്തി 27,357 ചതുരശ്ര കിലോമീറ്ററാണ്. ഇത് രാജ്യത്തിൻ്റെ ആകെ വിസ്തൃതിയുടെ 25.17

ശതമാനമാണ് .2021 നേക്കാൾ വന മേഖലയിൽ 1,445 ചതുരശ്ര കിലോമീറ്റർ വർധനയാണ് ഉണ്ടായിട്ടുള്ളത് .

**************************************************

## XMAS SPECIAL TRAIN

ക്രിസ്തുമസിനോടനുബന്ധിച്ച് റെയിൽവെ വിവിധ സോണുകളിലായി 149 സ്പെഷ്യൽ ട്രെയിൻ സർവ്വീസുകൾ നടത്തും. ക്രിസ്തുമസ് - ശബരിമല സീസണോടനുബന്ധിച്ച് കേരളത്തിന് പ്രത്യേക ട്രെയിനുകളും അനുവദിച്ചു. 10 സ്പെഷ്യൽ ട്രെയിനുകളാണ് വിവിധ ഇടങ്ങളിൽ നിന്നായി കേരളത്തിലേക്കും തിരിച്ചും സർവ്വീസ് നടത്തുക. ശബരിമല തീർഥാടകരുടെ സുഗമമായ യാത്രയ്ക്കായി കേരളത്തിലേക്കും തിരിച്ചും 416 പ്രത്യേക ട്രെയിൻ ട്രിപ്പുകളും പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിന് പ്രത്യേക ട്രെയിൻ അനുവദിച്ച കേന്ദ്ര റെയിൽവെമന്ത്രി അശ്വിനി വൈഷ്ണവിന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നന്ദി അറിയിച്ചു.

**************************************************

# HEADLINE – 4

## MANOHARLAL

കേന്ദ്ര ഊർജ്ജ, നഗരകാര്യ മന്ത്രി മനോഹർ ലാൽ മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെ കേരളത്തിലെത്തി. മുഖ്യമന്ത്രി പിണറായി വിജയനുമായി അദ്ദേഹം ഇന്ന് തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തും. ഊർജ്ജ, നഗരകാര്യ പദ്ധതികളുടെ അവലോകനവും സന്ദർശനത്തിന്റെ ഭാഗമായി നടക്കും. നാളെ കൊച്ചി സന്ദർശിക്കുന്ന അദ്ദേഹം വാട്ടർ മെട്രോ പ്രവർത്തനങ്ങളും വിലയിരുത്തും.

**************************************************

## ROZGAR MELA

ദേശീയ റോസ്ഗാർ മേളയുടെ ഭാഗമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻറെ ആഭിമുഖ്യത്തിൽ നാളെ രാവിലെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന തൊഴിൽ മേളയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയാകും.

പ്രധാനമന്ത്രി നരേന്ദ്ര മോദി വീഡിയോ കോൺഫറൻസിംഗ് വഴി നിയമന ഉത്തരവുകൾ വിതരണം ചെയ്യും.

**********************************************

## M T

കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലുള്ള എംടിയുടെ ആരോഗ്യ സ്ഥിതി മാറ്റമില്ലാതെ തുടരുന്നതായി ആശുപത്രി വൃത്തങ്ങൾ അറിയിച്ചു. ' തീവ്രപരിചരണ വിഭാഗത്തിൽ ചികിൽസയിലുള്ള അദ്ദേഹം മരുന്നുകളോട് പ്രതികരിക്കുന്നുണ്ട്. വിദഗ്ധ മെഡിക്കൽ സംഘം അദ്ദേഹത്തിൻ്റെ ആരോഗ്യസ്ഥിതി വിലയിരുത്തുന്നുണ്ട്

**********************************************

## ACTRESS CASE

നടിയെ ആക്രമിച്ച കേസിൽ തുറന്ന കോടതിയിൽ വാദം കേൾക്കണമെന്ന ഹർജി എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി തള്ളി. വിചാരണയുമായി ബന്ധപ്പെട്ട് തെറ്റായ വിവരങ്ങൾ പ്രചരിക്കുന്നുണ്ടെന്നും, തുറന്ന കോടതിയിൽ വാദം കേൾക്കുന്നതിൽ എതിർപ്പില്ലന്നും ചൂണ്ടിക്കാണിച്ച് നടിയാണ് ഹർജി നൽകിയത്.

**********************************************

# HEADLINE – 5

## U-19 WOMENS ASIA CUP

മലേഷ്യയിലെ ക്വാലാലംപൂരിൽ നടക്കുന്ന അണ്ടർ 19 വനിതാ ട്വന്റി- 20 ഏഷ്യാ കപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ - ബംഗ്ലാദേശ് പോരാട്ടം പുരോഗമിക്കുന്നു. ടോസ് നേടിയ ബംഗ്ലാദേശ് ഫീൽഡിങ് തെരഞ്ഞെടുത്തു. ശ്രീലങ്കയെ നാല് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനലിൽ കടന്നത്. നേപ്പാളിനെ ഒമ്പത് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ബംഗ്ലാദേശ് ഫൈനലിലെത്തിയത്.

**********************************************

## HEADLINE – 5A

### ISL

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - മൊഹമദൻ എസ് സി പോരാട്ടം. കൊച്ചിയിൽ വൈകുന്നേരം 7.30 നാണ് മത്സരം. നിലവിലെ പോയിന്റ് പട്ടികയിൽ കേരളം പതിനൊന്നാമതും മൊഹമദൻ എസ് സി പതിമൂന്നാമതും ആണ്. അതേസമയം മത്സരം കാണാൻ എത്തുന്നവരുടെ സൗകര്യാർത്ഥം കൊച്ചി മെട്രോ സർവീസ് സമയം ദീർഘിപ്പിച്ചിട്ടുണ്ട് . രാത്രി 9.30 നുശേഷം 11 മണിവരെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്ന് പത്ത് സർവീസുകൾ ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കും ഉണ്ടാകുമെന്ന് കൊച്ചി മെട്രോ അറിയിച്ചു.

**********************************************************

### SANTHOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരളം ഇന്ന് ഡൽഹിയുമായി ഏറ്റുമുട്ടും. വൈകുന്നേരം 7.30 നാണ് മത്സരം.

**********************************************************

### WOMENS CRICKET

ഐ സി സി ചാംപ്യൻഷിപ് വനിതാ ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യ ഇന്ന് വെസ്റ്റ് ഇൻഡീസിനെ നേരിടും. ഉച്ചക്ക് 1.30 നു വഡോദരയിലെ കൊടംബി സ്റ്റേഡിയത്തിലാണ് മത്സരം. സ്മൃതി മന്ദാനയായിരിക്കും ഇന്ത്യൻ ടീമിനെ നയിക്കുക.

**********************************************************

### SABARIMALA

ശബരിമലയിൽ മണ്ഡലപൂജയ്ക്ക് അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്ക അങ്കി വഹിച്ചുകൊണ്ടുള്ള രഥഘോഷ യാത്ര പാർഥ സാരഥി ക്ഷേത്രത്തിൽനിന്ന് പുറപ്പെട്ടു. 25ന് വൈകുന്നേരം സന്നിധാനത്തെത്തും.

**********************************************************

## MAHA PORTFOLIO ALLOCATION

പുതുതായി തിരഞ്ഞെടുക്കപ്പെട്ട മഹാരാഷ്ട്ര മന്ത്രിസഭയിലെ വകുപ്പ് വിഭജനത്തിൽ അന്തിമ ധാരണയായി. ഇന്നലെ രാജ്ഭവൻ പുറത്തുവിട്ട വാർത്താക്കുറിപ്പ് പ്രകാരം മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസിനാകും ആഭ്യന്തരം,ഊർജ്ജം,പൊതുഭരണം ,നിയമം തുടങ്ങിയ വകുപ്പുകളുടെ ചുമതല. നഗരകാര്യവികസനം, പാർപ്പിടം,പൊതുമരാമത്തു ,ധനകാര്യം,എക്സൈസ് വകുപ്പുകൾ ഉപമുഖ്യമന്ത്രിമാരായ ഏക്നാഥ് ഷിൻഡെയും അജിത് പവാറും പങ്കുവെക്കും.

******************************************************

## DELHI- ED

ഡൽഹി മദ്യനയ അഴിമതി കേസിൽ ഡൽഹി മുൻ മുഖ്യമന്ത്രി യും ആം ആദ്മി പാർട്ടി നേതാവുമായ അരവിന്ദ് കെജ്‌രിവാളി നെ പ്രോസിക്യൂട്ട് ചെയ്യാൻ ലഫ്റ്റനൻറ് ഗവർണർ വികെ സക്സേന ഇഡിക്ക് അനുമതി നൽകി. കേജ്രിവാളിനെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി ആവശ്യപ്പെട്ട് ഈ മാസം ആദ്യമാണ് ഇഡി ലഫ്റ്റനൻറ് ഗവർണറെ സമീപിച്ചത്. അതേസമയം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനും യഥാർത്ഥ പ്രശ്നങ്ങളിൽ നിന്ന് വഴിതിരിച്ചു വിടാനും തെറ്റായ വാർത്ത പ്രചരിപ്പിക്കുന്നതായി ഡൽഹി മുഖ്യമന്ത്രി അതിഷി സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

****************************************************************************

****************************